**സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് ഓഫീസ്**

**എറണാകുളം**

**e-mail:doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഇ.കെ.എം (പി.14 )278 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ-0484-2422271
email:-doekm.ksad@kerala.gov.in
തീയതി:07 /03/ 2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

**********************************

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

. ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.

3) കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.ഇ.കെ.എം.(പി.14)278/2020 തിയതി: 07.03.2020

**<u>എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കെ. വിനോദ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 20.02.2020 മുതൽ<br>29.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.മൈക്കിൾ കെ.എ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. റഷീദ് സി എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ശ്രീജിത്ത് .സി.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സ്വപ്ന ആർ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.അലക്സി സ്കറിയ | 01.04.2018 | 13.06.2018 |
| | ശ്രീമതി.ശാന്തി എബ്രഹാം | 14.06.2018 | 31.03.2019 |
| വൈസ് പ്രസിഡന്റ് | ശ്രീ.സജി കെ വർഗ്ഗീസ് | 01.04.2018 | 21.03.2019 |
| | ശ്രീ.ജറീഷ് തോമസ് | 22.03.2019 | 31.03.2019 |
| **സ്റ്റാൻറിംഗ് കമ്മറ്റി അദ്ധ്യക്ഷന്മാർ** | | | |
| വികസന കാര്യം | ശ്രീമതി. ലീലാമ്മ ജോസഫ് | 01.04.2018 | 31.03.2019 |
| ധനകാര്യം | ശ്രീ.സജി കെ വർഗ്ഗീസ് | 01.04.2018 | 21.03.2019 |
| | ശ്രീ.ജറീഷ് തോമസ് | 22.03.2019 | 31.03.2019 |
| ക്ഷേമകാര്യം | ശ്രീ.ടി എ കൃഷ്ണൻ കുട്ടി | 01.04.2018 | 31.03.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി.ആൻസി മാനുവൽ | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.ചന്ദ്രൻ നായർ കെ | 01.04.2018 | 16.01.2019 |
| | ശ്രീമതി.ഹസീന പി മൈതീൻ | 17.01.2019 | 30.01.2019 |
| | ശ്രീ.ചന്ദ്രൻ നായർ കെ | 31.01.2019 | 31.03.2019 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ജാനറ്റ് പോൾ | 01.04.2018 | 22.06.2018 (പൂർവ്വാഹ്നം) |
| | ഹസീന പി മൈതീൻ | 22.06.2018 (അപരാഹ്നം) | 31.03.2019 |
| കൃഷി ഓഫീസർ | സൂസൻ ലീ തോമസ് | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | നസിയ പി.എം | 01.04.2018 | 23.06.2018 |
| | സാം മാത്യു സാബു | 24.06.2018 | 12.07.2018 |
| | നസിയ പി.എം | 13.07.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ, | ഡോ.സുജേഷ് എം | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| പി.എച്ച്.സി | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സീനാമോൾ എം | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.മിനിമോൾ കെ ആർ | 01.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | എലിസബത്ത് സി ജോർജ് | 01.04.2018 | 31.03.2019 |
| വെറ്റിനറി സർജൻ | ഡോ.സുമീറ ഇബ്രാഹിം | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അജയൻ പി എസ് | 01.04.2018 | 31.03.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഷാന്റി എം എസ് | 01.04.2018 | 31.03.2019 |
| ഹെഡ് മിസ്ട്രസ്സ്, ജി.എൽ.പി.എസ്, പോത്താനിക്കാട് | റംല കെ കെ | 01.04.2018 | 31.03.2019 |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 14 | വെള്ളക്കരം കുടിശ്ശിക-പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു | 1-14 |
| 15 | എസ് എൽ ഐ പ്രീമിയം അടച്ചതിൽ കുറവ് | 1-15 |
| 16 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫീസ് - അപാകത | 1-16 |

| | | |
|---|---|---|
| 17 | ജേർണ്ണൽ വൗച്ചറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നില്ല. | 1-17 |
| | ഭാഗം – 2 | |
| 18 | ഇല്ല | |
| | ഭാഗം – 3 | |
| 19 | ഇല്ല | |
| | ഭാഗം – 4 | |
| 20 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 26 | ഓഡിറ്റ് റിക്കവറി | 4-7 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 28 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2018-19 | അനുബന്ധം.1 |
| 32 | ബാലൻസ് ഷീറ്റ് – 2018-19 | |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2018-19 | അനുബന്ധം.2 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2018-19 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.02.2018 ലെ 1-ാം തീരുമാനം പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 14.05.2019 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019-13.06.2019 | കെ.എസ്.എ.ഇ.കെ.എം.(പി.ജി) 1227(29)/2019 |

# 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് ആൻഡ് പെയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 39,96,670 |
| വരവ് | 3,45,06,626 |
| ആകെ | 3,85,03,296 |
| ചെലവ് | 3,17,44,226 |
| നീക്കിയിരിപ്പ് | 67,59,070 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 6489000 | 6489000 | 6489000* | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1787000 | 1787000 | 1787000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 133000 | 133000 | 133000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1299487 | 1299487 | 1299487 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2348277 | 2348277 | 2348277 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 3012000 | 3012000 | 3012000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | 100 | 0 | 100 | 0 | 100 |
| സാനിട്ടേഷൻ | 160812 | 260000 | 420812 | 130000 | 290812 |
| ഐ.സി.ഡി.എസ് | 491578 | 310500 | 802078 | 252876 | 549202 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 8077.60 | 335715 | 343792.60 | 333170 | 10622.60 |
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 649130 | 649130 | 609500 | 39630 |
| | ജില്ലാ പഞ്ചായത്ത് | 988726 | 2382400 | 3371126 | 2510400 | 860726 |
| ബി ഫണ്ട് | | 0 | 18070660 | 18070660 | 18070660 | 0 |
| വിമുക്തി (എക്സൈസ്) | | 12500 | 25000 | 37500 | 4349 | 33151 |
| കേരളോത്സവം | | 4503 | 0 | 4503 | 0 | 4503 |
| മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം | | 0 | 1000000 | 1000000 | 0 | 1000000 |
| ബഡ് സ്കൂൾ | | 0 | 1250000 | 1250000 | 0 | 1250000 |
| ഗുണഭോക്തൃവിഹിതം | | 120 | 515580 | 515700 | 496260 | 19440 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1382622.40 | 2168296 | 3550918.40 | 2911754 | 639164.40 |
| | ട്രഷറി അക്കൗണ്ട് | 523208 | 7146876 | 7670084 | 5789729 | 1880355 |
| കൈയ്യിരുപ്പ് പണം | | 424423 | 181364 | 605787 | 424423 | 181364 |

* വെള്ളക്കരം ഉത്ഭവത്തിൽ കുറവ് ചെയ്ത 3197461/- രൂപ ഉൾപ്പെടെയുള്ള തുക

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 105 | 3,27,83,556 | 86 | 2,12,08,595 | 17 | 2 | 82% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8077.6 | 335715 | 343792.6 | 333170 | 10622.6 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 11228223 | 11228223 | 11228223 | |
| ആകെ | 8077.6 | 11563938 | 11572015.6 | 11561393 | 10622.6 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2020 ന് സെക്രട്ടറിയുടെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17658/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു

# 1-9 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31,560 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 33,62,800 | 240 |
| വിധവാപെൻഷൻ | 36,65,500 | 302 |
| വാർദ്ധക്യകാലപെൻഷൻ | 88,65,300 | 735 |
| ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 18,91,600 | 146 |
| അവിവാഹിതരായ 50വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് പെൻഷൻ | 1,98,000 | 13 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30,000 | 1 |

# 1-10 ആഭ്യന്തരനിയന്ത്രണം.

1. ഫ്രണ്ട് ഓഫീസ് പ്രവർത്തനം പൊതുവെ തൃപ്തികരമാണ്.

2. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -രജിസ്റ്ററുകളുടേയും ഫയലുകളുടേയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണ്. ലൈസൻസ് രജിസ്റ്റർ പൂർണ്ണമല്ല.

3.പാലിയേറ്റീവ് കെയർ നഴ്സ്, ഡ്രൈവർ എന്നിവരുടെ അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഹോം കെയർ ബുക്ക്,ഡെയിലി റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല.

4. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല.ഒരു പദ്ധതി പോലും മോണിറ്റർ ചെയ്യിട്ടില്ല.ആസൂത്രണ സമിതിയും നാമമാത്രമായ പ്രവർത്തനമാണ് നടത്തുന്നത്.

5. വികസന ഫണ്ടടക്കമുള്ള പല ഫണ്ടുകളുടെയും ലഭ്യത പൊതുവെ കുറഞ്ഞ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് ലഭ്യമാകുന്ന ഫണ്ടുകൾ പോലും കൃത്യമായി വിനിയോഗിക്കുന്നില്ല. മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിന്റെ ( റോഡ് ) 37 ശതമാനം മാത്രമാണ് വിനിയോഗിച്ചത്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2020 | 12/2019 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2014 | 2008-09 മുതൽ 2012-13 വരെ | 27.03.2014 |

# 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2018-19 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | നവഭാരത് ഫ്യുവൽസ് |
| 2 | കൊശമറ്റം ഫിനാൻസ് |
| 3 | കല്ലട വുഡ് ഇൻഡസ്ട്രീസ് |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

# 1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

(1) സ്ഥാപന തൊഴിൽ നികുതി

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിലെ 2018-19 സാമ്പത്തിക വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി.എസ്.എൻ.എൽ |

| | |
|---|---|
| 2 | പി.ഡി.ഡി.പി സൊസൈറ്റി, പറമ്പഞ്ചേരി |
| 3 | കുടുംബശ്രീ ഓഫീസ്, പോത്താനിക്കാട് |
| 4 | പി.ഡി.ഡി.പി സൊസൈറ്റി, തൃക്കേപ്പടി |
| 5 | മാവേലി സ്റ്റോർ, പോത്താനിക്കാട് |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

# 1-14 വെള്ളക്കരം കുടിശ്ശിക-പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു.

പോത്താനിക്കാട് ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഭീമമായ തോതിൽ വർദ്ധിക്കുകയാണ്. നിലവിൽ 2019 ഫെബ്രുവരിയിലെ വെള്ളക്കര ബിൽ പ്രകാരം കുടിശ്ശിക 1,04,99,539 രൂപയാണ്. ഇതിൽ 80 ലക്ഷത്തോളം രൂപ പിഴപ്പലിശ ഇനത്തിൽ കണക്കാക്കിയിരിക്കുന്നതാണ്. വെള്ളക്കരത്തിന്റെ ചെലവ് കുറക്കാൻ വേണ്ടി പഞ്ചായത്ത് സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012-13 ൽ 221 പൊതുടാപ്പുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 7 ടാപ്പുകൾ മാത്രമാണ് ഉള്ളത്. ഇപ്പോൾ പഞ്ചായത്തിന് 36,750/-രൂപ മാത്രമാണ് പ്രതിവർഷം വെള്ളക്കരമായി വരുന്നത്. എന്നാൽ പിഴപ്പലിശ ഇനത്തിൽ പ്രതിവർഷം 25 ലക്ഷത്തോളം രൂപ വരുന്നു. ഓഡിറ്റ് വർഷം 6,18,783/-രൂപയാണ് വെള്ളക്കര കുടിശ്ശിക ഇനത്തിൽ ഒടുക്കേണ്ടി വന്നത്. 2019-20 ൽ ഇതിനോടകം 7,96,976/-രൂപ ഒടുക്കേണ്ടി വന്നിട്ടുണ്ട്. പ്രതി വർഷം 25 ലക്ഷത്തിൽ അധികം തുക ഒടുക്കിയാൽ മാത്രമേ കുടിശ്ശിക കുറച്ചു കൊണ്ടുവരാൻ സാധിക്കൂ. എറണാകുളം ജില്ലയിലെ പ്ളാൻ ഫണ്ട് അടക്കമുള്ള ഫണ്ടുകൾ ഏറ്റവും കുറവ് ലഭ്യമാകുന്ന, നിർബന്ധിത പദ്ധതികൾ കഴിഞ്ഞ് കാര്യമായി ഫണ്ട് ബാക്കിയില്ലാത്ത പഞ്ചായത്തിന് കുടിശ്ശിക തിരിച്ചടവ് പ്രായോഗികമായി അസാദ്ധ്യമാണ്. ആയതിനാൽ തന്നെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന മേൽ വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താൻ നിർദ്ദേശിക്കുന്നു.

# 1-15 എസ് എൽ ഐ പ്രീമിയം അടച്ചതിൽ കുറവ്

സ്റ്റേറ്റ് ലൈഫ് ഇൻഷ്യുറൻസ് വകുപ്പിന്റെ 04.10.2016 ലെ സ.ഉ (അച്ചടി) നം149/16/ധന-പ്രകാരം അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി താഴെ ചേർത്തിട്ടുള്ള വിധം എസ്.എൽ.ഐ പ്രീമിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

| അടിസ്ഥാന ശമ്പളം | തുക |
|---|---|
| 17999 വരെ | 200 രൂപ |
| 18000 മുതൽ 35699 വരെ | 300 രൂപ |
| | |

| | |
|---|---|
| 35700 മുതൽ 55349 വരെ | 500 രൂപ |
| 55350 മുകളിൽ | 600 രൂപ |

എന്നാൽ പഞ്ചായത്തിലെ മാർച്ച് 2019 ലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ജീവനക്കാർ വിവിധ പോളിസികളുടെ വർദ്ധിച്ച നിരക്കിലുള്ള പ്രീമിയം അടവാക്കാത്തതായി കാണുന്നു.

| പേര്, തസ്തിക | അടിസ്ഥാന ശമ്പളം / ശമ്പളസ്കെയിൽ | കുറിപ്പ് | അടവാക്കേണ്ട പ്രീമിയം | അടയ്ക്കുന്ന തുക | കുറവ് |
|---|---|---|---|---|---|
| സജീവ് മാത്യു കെ, സീനിയർ ക്ലർക്ക് | 29200/- 25200-54000 | എസ്.എൽ.ഐ പ്രീമിയം | 300 | 225 | 75 |
| സുനിൽ കെ പി , ഓഫീസ്അറ്റൻഡന്റ് | 25850/- 17000-37500 | എസ്.എൽ.ഐ പ്രീമിയം | 300 | 100 | 200 |

2019- 20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ജീവനക്കാരുടെ എസ് എൽ ഐ ഈടാക്കുന്നതിലും കുറവുണ്ട്.

| പേര്, തസ്തിക | അടിസ്ഥാന ശമ്പളം / ശമ്പളസ്കെയിൽ | കുറിപ്പ് | അടവാക്കേണ്ട പ്രീമിയം | അടയ്ക്കുന്ന തുക | കുറവ് |
|---|---|---|---|---|---|
| പി.ആർ.മോഹൻകുമാർ, സെക്രട്ടറി | 51600/- 36600-79200 | എസ്.എൽ.ഐ പ്രീമിയം | 500 | 150 | 350 |
| മുഹമ്മദ് കെ.എം., എച്ച് സി | 35700/- 27800-59400 | എസ്.എൽ.ഐ പ്രീമിയം | 500 | 200 | 300 |
| കെ ആർ രഘുനാഥ് ബാബു, അക്കൗണ്ടന്റ് | 35700/- 27800-59400 | എസ് എൽ ഐ പ്രീമിയം | 500 | 300 | 200 |

ഇക്കാര്യം സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 28.02.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 5) 29.02.2020 ൽ നൽകിയ സി 3 -616/2020 നം മറുപടിയിൽ ജീവനക്കാർക്ക് പുതിയ പോളിസികൾ എടുത്ത് വർദ്ധിപ്പിച്ച നിരക്കിലുള്ള പ്രീമിയം തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫീസ് - അപാകത

പഞ്ചായത്ത് നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റിനു വേണ്ടി സോളാർ പാനൽ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റിന് വേണ്ടി ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എടുക്കുന്നതിന് തനത് ഫണ്ടിൽ നിന്നും

തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വൗച്ചർ നം | 21800398/22.9.2018 |
| തുക | 1180/- രൂപ |

ഗ്രാമപഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 7.9.2018 ലെ 1(1) നം തീരുമാന പ്രകാരമാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫീസ് തനത് ഫണ്ടിൽ നിന്ന് നൽകിയിട്ടുള്ളത്. ഇക്കാര്യം സംബന്ധിച്ചുള്ള താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകണമെന്ന് 28.02.2020 ലെ ഓഡിറ്റ് എൻക്വയറി (നം 6) പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. അനർട്ട് നിർവ്വഹണ ഏജൻസിയായ പ്രൊജക്ടിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫീസ് അടക്കേണ്ട ചുമതല അനർട്ടിന്റേതാണ് എന്നാൽ തനത് ഫണ്ടിൽ നിന്നാണ് തുക ചെലവഴിച്ചത്. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.
2. ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി 15.03.2018 ൽ കഴിഞ്ഞു പോയതിനാലാണ് വീണ്ടും എടുക്കേണ്ടി വന്നതെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരമുള്ള സമയത്ത് പ്രൊജക്റ്റ് പൂർത്തീകരണം നടക്കാതിരുന്നതിനാലാണ് ഇപ്രകാരം അധിക ചെലവ് ഉണ്ടായത്.
3.ആദ്യതവണ ഫീസിബിലിറ്റി ഫീസ് അടച്ചതിന്റെ വിശദ വിവരം ലഭ്യമാക്കണമെന്നാവ ശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. പ്രൊജക്റ്റ് നിർവ്വഹണത്തിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

# 1-17 ജേർണ്ണൽ വൌച്ചറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ ലഡ്ജറുകൾ പരിശോധിച്ചപ്പൊൾ പ്രഥമദൃഷ്ട്യാ യുക്തിസഹമല്ലാത്ത നിരവധി ജേർണ്ണൽ എൻട്രികൾ നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 25.10.2018 ൽ 41800270 എന്ന ജേർണ്ണൽ പ്രകാരം Flood Relief Grant (320200311) എന്ന ഹെഡ്ഡിൽ നിന്നും വസ്തു നികുതി റസിഡൻഷ്യൽ കുടിശ്ശിക,വസ്തു നികുതി റസിഡൻഷ്യൽ തൻവർഷം,വസ്തു നികുതി നോൺ റസിഡൻഷ്യൽ തൻവർഷം എന്നീ ഹെഡ്ഡുകളിലേക്ക് യഥാക്രമം 196/-രൂപ, 46,512/-രൂപ,6,559/-രൂപ എന്നീ തുകകൾ മാറ്റിയിട്ടുണ്ട്. അതേ ദിവസം തന്നെ തൊട്ടടുത്ത ജേർണ്ണൽ നമ്പർ പ്രകാരം (41800271) വസ്തു നികുതി റസിഡൻഷ്യൽ തൻവർഷം, Penalties And Fines എന്നീ ഹെഡ്ഡുകളിൽ നിന്നും യഥാക്രമം 49,991/-രൂപ,3,276/-രൂപ എന്നീ തുകകൾ Flood Relief Grant എന്ന ലഡ്ജറിലേക്ക് മാറ്റിയിട്ടുണ്ട്. അതേ ദിവസം തന്നെ 41800297, 41800298 എന്നീ ജേർണ്ണലുകൾ പ്രകാരം നേരത്തെ മാറ്റിയ 3,276/-രൂപ Flood Relief Grant എന്ന ഹെഡ്ഡിൽ നിന്നും Penalties And Fines എന്ന ഹെഡ്ഡിലേക്കും പിന്നീട് വസ്തു നികുതി റസിഡൻഷ്യൽ തൻവർഷം എന്ന ഹെഡ്ഡിൽ നിന്നും Flood Relief Grant എന്ന ഹെഡ്ഡിലേക്കും മാറ്റിയിരിക്കുന്നു. Flood Relief Grant എന്ന ഹെഡ്ഡിലേക്ക് ലഭിച്ച 118020900026 എന്ന രസീത് നമ്പർ ഉപയോഗിച്ചാണ് മേൽ മാറ്റങ്ങൾ എല്ലാം വരുത്തിയിരിക്കുന്നത്. മേൽ രസീതിലെ വരവ് തുക 1,50,000/-രൂപയാണ്. എന്നാൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നത് വ്യത്യസ്ത തുകകളാണ്. വസ്തുനികുതി റസിഡൻഷ്യൽ,നോൺ

റസിഡൻഷ്യൽ തലത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തണമെങ്കിൽ തന്നെ Flood Relief Grant പോലുള്ള ഹെഡ്ഡുകൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകത വ്യക്തമാകുന്നില്ല. ജില്ലാ തലത്തിലുള്ള സാംഖ്യ സപ്പോർട്ടിംഗ് സെല്ലാണ് മേൽ രീതിയിലുള്ള ജേർണ്ണൽ എൻട്രികൾ നടത്തിയത് എന്നാണ് പഞ്ചായത്ത് വ്യക്തമാക്കിയത്. ആയതിനാൽ സപ്പോർട്ടിംഗ് സെല്ലും പഞ്ചായത്ത് ജീവനക്കാരും നടത്തുന്ന സാധാരണമല്ലാത്ത എല്ലാ ജേർണ്ണൽ എൻട്രികളുടെയും വിവരങ്ങൾ ഒരു നോട്ടായി തയ്യാറാക്കി അക്കൗണ്ട്സിനൊപ്പം നൽകാൻ നിർദ്ദേശിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019 മുതൽ 13.06.2019 വരെ | കെ.എസ്.എ.ഇ.കെ.എം.(പി.ജി)1227(29)/2019 |

അപാകതകൾ അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്.

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 221000 | നെൽകൃഷിക്ക് കൂലി ചെലവും വിത്തും | 221000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2018-19 | 289400 | ഭിന്ന ശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 289400 | |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 75000 | അങ്കണവാടി പോഷകാഹാരം | 75000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 125000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 125000 | 0 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 409500 | ലൈഫ് ഭവന പദ്ധതി -ജനറൽ | 409500 | |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 39630 | ലൈഫ് ഭവന പദ്ധതി-എസ്.സി | 39630 | |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പ് കണക്ഷൻ | 21800924 | 50550 | 50550 | 0 |
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21800271 | 180248 | 180248 | 0 |
| അനർട്ട് | സോളാർ പാനൽ | 21800268 | 640000 | 640000 | 0 |

സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ട് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

2018-19 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരം ഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | സ.ഉ.(സാ)നം 1098/2010/ തസ്വഭവ തീയതി 27.03.10 | 31,05,000 | 2,58,312 | 2,58,312 | 0 | 0 |
| 2 | ലൈഫ് ഭവന പദ്ധതി-ഹഡ്കോ ലോൺ | ജി.ഒ(എം.എസ്) 68/2018/ എൽ.എസ്. ജി.ഡി 18.5.2018 | 16,83,402 | 0 | 0 | 0 | 16,83,402 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | 20 | 2014-15 | 3.7.1.9.3 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - അപാകത | WP(C)18345/2008 നം കേസിന്റെ അടിസ്ഥാന ത്തിൽ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്ന തിന് ബഹു.കോടതി വിധിച്ചു. ആയതിൻമേൽ അപ്പീൽ പഞ്ചായത്ത് അപ്പീൽ ഫയൽ ചെയ്തു. |

## 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,45,06,626 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,17,44,226 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല. | ഇല്ല. | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

# 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| | കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1) 89/98 തീ. 04.01.1999 |
| 1997-98 | എൽ.എഫ്.ഇ(പി1)1148/98 തീ. 04.01.1999 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 72/2004 തീ. 13.09.2004 |
| 2001-2002 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 1610/2009 തീ. 23.07.10 |
| 2002-2003 | എൽ.എഫ്.ഇ(പി7) 1611/2009 തീ. 23.07.10 |
| 2003-2004 | എൽ.എഫ്.ഇ(പി7) 1612/2009 തീ. 23.07.10 |
| 2004-2005 | എൽ.എഫ്.ഇ(പി7) 1613/2009 തീ. 23.07.10 |
| 2005-2006 | എൽ.എഫ്.ഇ(പി7) 1614/2009 തീ. 23.07.10 |
| 2006-2007 | എൽ.എഫ്.ഇ(പി7) 916/2011തീ. 26.12.2011 |
| 2007-2008 | എൽ.എഫ്.ഇ(പി7) 916(എ)/2011തീ.26.12.2011 |
| 2008-2009 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013 |
| 2011-2012 | എൽ.എഫ്.ഇ(പി7) 1589/2014 തീ.05.11.14/12.12.2014 |
| 2012-13 & 2013-14 | കെ.എസ്.എ.ഇ.കെ.എം(പി7) 495/15 തീ. 22.05.2015/ 17.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി14)77/17 തീ. 31.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി14)1495/17 തീ. 14.09.17 |
| 2017-18 | നം.കെ.എസ്.എ.ഇകെഎം(പി14)131/2019 തീ.12.03.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പോത്താനിക്കാട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ന്യൂനതകളുടെ സംഗ്രഹം

(1) വാർഷിക കണക്കുകളൊടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ് ),പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

(2) B-4 ഷെഡ്യൂളിലെ താഴെ ചേർക്കുന്ന നീക്കിയിരിപ്പുകളുടെ വിശദവിവരം ലഭ്യമല്ല.

| Code no. | Particulars | Amount |
|---|---|---|
| 320200390 | Grants ,Funds & Contributions for specific purpose other than Devolopment Fund and State sponsored | 1,00,00 |
| 320300199 | Grants ,Funds & Contributions for specific purpose other government Agencies | 3,66,529 |
| 320400199 | Grants ,Funds & Contributions for specific purpose other Financial instotutions | 1,317 |
| 320700205 | Contributions for Joint venture projects (for Revenue Expenditure ) from District panchayat | 8,60,726 |

(3) B-9 ഷെഡ്യൂളിലെ താഴെ ചേർക്കുന്ന നീക്കിയിരിപ്പുകളുടെ വിശദവിവരം ലഭ്യമല്ല.

| Code no. | Particulars | Amount |
|---|---|---|
| 350120199 | interest accrued and Due-others | 13,741 |
| 350200115 | Recoveries payable-Due to other panchayats | 16,700 |

(4) B-15 ഷെഡ്യൂളിലെ 431400102 ഹെഡ്ഡിലെ ( Rent receivable from Buildings-Arrear ) നീക്കിയിരിപ്പ് 40,963 രൂപ വാടക രജിസ്റ്ററിലെ DCB സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തി കാണുന്നില്ല.

(5) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **POTHANIKKAD** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of Pothanikkadu Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

## Annexure

Abstrct of Defects / Discripancies.

## Defects Identified on Verification of Annual Financial Statement of Pothanikkad Grama Panchayath for the year 2018-19

**(1)** Notes on Accounting Policy and Basic Ratios are not included in the Annual Financial Statement.

**(2)** The details of the closing balance of the following items vide schedule B.4 are not furnished.

| Code No. | Particulars | Amount |
|---|---|---|
| 320200399 | Grants, Funds & Contributions for specific purpose other than Development Fund and State sponsored | 100000 |
| 320300199 | Grants, Funds & Contributions for specific purpose -other government Agencies | 366529 |
| 320400199 | Grants, Funds & Contributions for specific purpose -other financial institutions | 1377 |
| 320700205 | Contributions for Joint Venture Projects (for Revenue Expenditure) from District Panchayat | 860726 |

(3) The details of the closing balance of the following items vide schedule B.9 are not furnished.

| Code No. | Particulars | Amount |
|---|---|---|
| 350120199 | Interest accrued and Due – others | 13741 |
| 350200115 | Recoveries Payable – Due to Other Panchayats | 16700 |

(4) The closing balance of Rent recievables from Building- Arrear Rs 40963/- ( 431400102) vide schedule B.15 is not included in the rent register.

(5) All Assets including land has not been included in the Asset Register and not reconciled with the Annual Financial Statement.

**DEPUTY DIRECTOR**

sj